**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 337** **08-06-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന്റെ പൊതുകടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ പൊതുകടം ക്രമാതീതമായി വർദ്ധിച്ചുവരുന്നത് ആശങ്കാജനകമായ സ്ഥിതിവിശേഷം സംജാതമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | കോവിഡ് മഹാമാരി സംസ്ഥാന സമ്പദ്‌വ്യവസ്ഥയിൽ സൃഷ്ടിച്ച പ്രത്യാഘ്യാതം കാരണം കഴിഞ്ഞ വർഷം 2020-2021-ൽ നമ്മുടെ മൊത്തം സംസ്ഥാന ആഭ്യന്തര ഉത്പാദനം (GSDP) 3.82 ശതമാനം കണ്ട് കുറയുമെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ട്. 2021-22-ൽ 6.60 ശതമാനം കുത്തനെയുള്ള സാമ്പത്തിക വളർച്ച വീണ്ടെടുക്കുമെന്ന് നാം പ്രതീക്ഷിച്ചിരുന്നെങ്കിലും കോവിഡ് - 19 മഹാമാരി രണ്ടാം തരംഗം ഈ പ്രതീക്ഷയ്ക്ക് ഒരു പ്രതിബന്ധമാകാൻ സാദ്ധ്യതയുണ്ട്. GSDP യുടെ വളർച്ചയിലുള്ള മാന്ദ്യം സ്വാഭാവികമായും സംസ്ഥാനത്തിന്റെ റവന്യൂ വരുമാനങ്ങളിൽ അതിന്റെ പ്രതികൂല ഫലങ്ങൾ കൊണ്ടുവരുന്നതാണ്. 2020-21-ൽ ആദ്യ ബജറ്റ് എസ്റ്റിമേറ്റിൽ പ്രതീക്ഷിച്ചതിനേക്കാൾ 18.77 ശതമാനം ഇടിവ് ഇതിനകം ഉണ്ടായിട്ടുണ്ട്. 2021-22-ൽ റവന്യൂ വരുമാനത്തിൽ 40.67 ശതമാനം (പുതുക്കിയ ബഡ്ജറ്റ് പ്രകാരം) കുത്തനെയുള്ള വളർച്ച പ്രതീക്ഷിക്കുന്നുവെങ്കിലും ഉയർന്ന കോവിഡ്-19 കേസുകൾ അനിവാര്യമാക്കിയ ലോക്ഡൗണിന്റെ അനന്തര ഫലമായി ഇതിന് പ്രതിബന്ധങ്ങൾ ഉണ്ടാകാവുന്നതാണ്. അധികചെലവ് ബാദ്ധ്യതകളോടൊപ്പം സംസ്ഥാന ധനകാര്യത്തിന്, ഉയർന്ന വരുമാന കമ്മിയും അതുപോലെ ധനകമ്മിയും ഉണ്ടാകാൻ സാധ്യതയുണ്ട്. വാക്സിനേഷനിലൂടെ കോവിഡ് മഹാമാരി നിയന്ത്രിക്കുവാൻ സാധിച്ച കഴിഞ്ഞാൽ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | മുൻ സർക്കാർ സ്ഥാനം ഒഴിയുമ്പോൾ സംസ്ഥാനത്തിന്റെ പൊതുകടം എത്രയായിരുന്നു; ആകെ കടം എത്രയായിരുന്നു; അറിയിക്കാമോ; | (ബി) | അക്കൗണ്ടന്റ് ജനറലിന്റെ താത്കാലിക കണക്ക് പ്രകാരം 31/03/2021 വരെയുള്ള സംസ്ഥാനത്തിന്റെ ആകെ പൊതുകടം 2,05,447.51 കോടി രൂപയും കടബാധ്യത 2,99,724.15 കോടി രൂപയുമായിരുന്നു. |

| | | | |
|---|---|---|---|
| (സി) | കടംവാങ്ങിയ സംഖ്യയുടെ പലിശയും മുതലും സഹിതം 2021-26 കാലഘട്ടത്തിൽ എന്തു തുക തിരിച്ചടക്കേണ്ടിവരും എന്ന് വ്യക്തമാക്കുമോ? | (സി) | അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം ആഭ്യന്തര വായ്പയിനത്തിൽ 2021-26 കാലയളവിൽ 64499.94 കോടി രൂപയും വിദേശ സഹായ വായ്പയിനത്തിൽ 2862.06 കോടി രൂപയും തിരിച്ചടക്കേണ്ടതായിട്ടുണ്ട്. നിലവിലുള്ള വായ്പയുടെയും പുതിയതായി ഓരോ വർഷവും എടുക്കുന്ന വായ്പയുടെയും അടിസ്ഥാനത്തിലാണ് പലിശ അടവ് തിട്ടപ്പെടുത്തുന്നത്. |

സെക്ഷൻ ഓഫീസർ